**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3163** **26-06-2024 - ൽ മറുപടിയ്ക്ക്**

**റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പിലെ റോഡ് നിർമ്മാണം ഉൾപ്പെടെയുള്ള എല്ലാ നിർമ്മിതികളിലും ത്രിതല ഗുണ നിലവാര പരിശോധനാ സംവിധാനം നിഷ്കർഷിച്ചിട്ടുണ്ട്. പ്രവർത്തി നടത്തുന്നതിന് ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെയും പ്രവൃത്തി നടപ്പിലാക്കുന്നതിന്റെയും ഗുണനിലവാരവും അളവുകളും സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് ഉറപ്പുവരുത്തിയാണ് പ്രവർത്തി നടപ്പിലാക്കേണ്ടത്. ഉപയോഗിക്കുന്ന മെറ്റീരിയൽസിന്റെ ഗുണനിലവാരം പ്രവർത്തിക്കു വേണ്ടി ഉപയോഗിക്കുന്നതിന് മുൻപായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഗുണനിലവാരത്തിലോ അളവുകളിലോ പോരായ്മകൾ കണ്ടെത്തുന്ന പക്ഷം ജില്ലാതല ക്യൂസി. ലാബ് മുഖേന QC Manual നിഷ്കർഷിച്ച പ്രകാരമുള്ള ടെസ്റ്റുകൾ നടത്തിയാണ് ക്രമക്കേടുകൾ ഉണ്ടോ എന്ന് കണ്ടെത്തുന്നത്. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മൊബൈൽ ക്വാളിറ്റി ലാബ് സംവിധാനവും ഇതിനുവേണ്ടി ഉപയോഗിക്കുന്നുണ്ട്.<br><br>റോഡുകളുടെ നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മയും പ്രവൃത്തിയുടെ ഗുണ നിലവാരവും പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും 11 ജില്ലകളിൽ ജില്ല ക്വാളിറ്റി കൺട്രോൾ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും വിജിലൻസ് വിഭാഗം പ്രവൃത്തിക്കുന്നുണ്ട്.<br><br>നിർമ്മാണത്തിലെ ക്രമക്കേട് കണ്ടെത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം, ചീഫ് |

| | | | |
|---|---|---|---|
| | | | ടെക്നിക്കൽ എക്സാമിനർ, വിജിലൻസ് വകുപ്പ് എന്നീ ഉദ്യോഗസ്ഥർ പ്രവൃത്തി സ്ഥലപരിശോധന നടത്തി വരുന്നുണ്ട്. ഇതു കൂടാതെ പൊതുമരാമത്ത് മന്ത്രിയുടെ പരാതി പരിഹാര സെൽ, PWD 4 U ആപ്പ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്. ഇതോടൊപ്പം തന്നെ Internal Audit, AG Audit, Performance study reporting എന്നിവയുമുണ്ട് |
| (ബി) | നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം റോഡുകളിൽ കുഴികൾ രൂപപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം റോഡ് തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റോഡ് നിർമ്മാണം കഴിഞ്ഞയുടനെ പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും വിവിധ യൂട്ടിലിറ്റി ഏജൻസികളുടെ റോഡ് കട്ടിംഗുമായി ബന്ധപ്പെട്ടും റോഡിൽ കേടുപാടുകൾ സംഭവിച്ച് കുഴികൾ രൂപപ്പെടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് അതാത് ഏജൻസിയുടെ ചെലവിൽ തന്നെ അറ്റകുറ്റപ്പണി ചെയ്ത് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. കരാറുകാരന്റെ ബാദ്ധ്യതാ കാലയളവിൽ കേടുപാടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് നിലവിലെ കരാറുകാരന്റെ ചിലവിൽ തന്നെ പരിഹരിക്കുന്നുണ്ട്. |
| (സി) | റോഡ് നിർമ്മാണത്തിൽ ആവശ്യമായ അളവിൽ ടാർ ഉപയോഗിക്കാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; | (സി) | പ്രവൃത്തി പുരോഗമിക്കവേ ത്രിതല ഗുണനിലവാര പരിശോധന സംവിധാനത്തിൽ ടാറിന്റെ അളവ് പരിശോധന നടത്തുന്നുണ്ട്. ഇത്തരം പരിശോധനയിൽ ടാറിന്റെ അളവിൽ കുറവ് രേഖപ്പെടുത്തിയാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) | റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ഡി) | റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് നിലവിൽ പൊതുമരാമത്ത് വകുപ്പിന് കാര്യക്ഷമമായ വിജിലൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ഗുണനിലവാരം പരിശോധിക്കുന്നതിനായി പി.ഡബ്ല്യു.ഡി.ക്ക് ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.<br><br>കൂടാതെ Chief Technical Examiner പരിശോധന നടത്തി ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ rectification നടത്തുകയോ, ശിക്ഷാ നടപടികളുടെ ഭാഗമായി കോൺട്രാക്ടറുടെ ബില്ലിൽ നിന്നും റിക്കവറി ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇവയ്ക്കെല്ലാം ഉപരി Inspection team-നേയും നിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | Running Contract, Premonsoon പ്രവൃത്തികൾ എന്നിവയുടെ Inspection-നുവേണ്ടി IAS ഉദ്യോഗസ്ഥരുടേയും ചീഫ് എഞ്ചിനീയർമാരുടേയും നേതൃത്വത്തിൽ Inspection Team-നെ നിയോഗിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ യഥാസമയം ഇൻസ്പെക്ഷൻ നടത്തി പ്രവൃത്തി വിശകലനം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ